"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ഇലഞ്ഞി ഗ്രാമപഞ്ചായത്ത്- ഭരണസമിതിയുടെ 24/9/2022 തീയതിയിലെ 14(1)-ാം നമ്പർ തീരുമാനം സ്റ്റേ ചെയ്ത്, വിഷയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ ബി). വകുപ്പ്**

G.O.(Rt) No.3052/2022/LSGD   തീയതി,തിരുവനന്തപുരം, 08-12-2022

---

പരാമർശം:-

1. ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24/09/2022 തീയതിയിലെ 14(1)-ാം നമ്പർ തീരുമാനം.
2. ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/10/2022 തീയതിയിലെ 400645/BPRL01/GPO/2022/322/(4) നമ്പർ കത്ത്.
3. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17/11/2022 തീയതിയിലെ DDP-EKM/1822/2022-D1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ഇലഞ്ഞി വില്ലേജ് സർവ്വ നമ്പർ 8/7- ബി8/7-ബി2, 8/8-2-2 എന്നിവയിൽ ഉൾപ്പെട്ട 100.52 ആർ സ്ഥലത്ത് ഒരു ടാർ മിക്സിംഗ് പ്ലാൻറ് സ്ഥാപിക്കുന്നതിനായി നിയമാനുസൃതമുള്ള രേഖകൾ സഹിതം ശ്രീ. എം.പി.മോളി എന്നവർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അതേസമയം കേരളാ പഞ്ചായത്ത് രാജ് നിയമം 233ാം വകുപ്പ് പ്രകാരം ടി നിർമ്മാണത്തിന്റെ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനായി പഞ്ചായത്തിന്റെ അനുമതിയ്ക്കായും അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയത് ടി പഞ്ചായത്ത് ഭരണസമിതിയുടെ 24.09.2022 ലെ യോഗം പരിഗണിക്കുകയുമുണ്ടായി. എന്നാൽ ടി പ്ലാന്റ് പ്രവർത്തനം ആരംഭിച്ചാലു ണ്ടാകുന്ന കെടുതികൾ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കും എന്നത് സംബന്ധിച്ച് ജനങ്ങളുടെ പരാതികൾ ലഭിച്ചിട്ടുള്ളത് വിലയിരുത്തി ആയതിൻറെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് നിർമ്മാണാനുമതി, മെഷിനറി സ്ഥാപിക്കുന്നതിനുള്ള അനുമതി എന്നിവ നൽകേണ്ടതില്ല എന്ന് നിർദ്ദേശിച്ചുകൊണ്ട് ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊള്ളുകയുണ്ടായി.

2. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം പ്രകാരം നിർമ്മാണാനുമതി സംബന്ധിച്ചുള്ള അപേക്ഷ നിരസിക്കുന്നതിനായി തീരുമാനിച്ചുള്ള പ്രസ്തുത തീരുമാനം കൈക്കൊള്ളുവാൻ ഭരണസമിതിക്ക് അധികാരമില്ലാത്തതാണ് എന്നും ഏകജാലക ക്ളിയറൻസ് ബോർഡ് ടി പ്ലാന്റിന് അനുമതി

നൽകുവാൻ നിർദ്ദേശിച്ചിട്ടുള്ളതിനാലും നിയമാനുസരണം വേണ്ട വകുപ്പുകളുടെ നിരാക്ഷേപ പത്രങ്ങൾ അടക്കമുള്ള രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ളതിനാലും 2016ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്, 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ 233-ാം വകുപ്പ് 3-ാം ഉപവകുപ്പിൽ വരുത്തിയ ഭേദഗതി പ്രകാരം, ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള അപേക്ഷയിൽ മലിനീകരണം സംബന്ധിച്ച ആക്ഷേപമുണ്ടെങ്കിൽ ബന്ധപ്പെട്ട അധികാരികളുടെ വിദഗ്ധോപദേശം വാങ്ങിയ ശേഷം മാത്രം തുടർനടപടി സ്വീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന തിനാലും, Ease of doing business പ്രകാരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണ മെന്നത് സർക്കാർ നയമായതിനാലും ടി സ്ഥാപനം നൽകിയിട്ടുള്ള അപേക്ഷ പ്രകാരമുള്ള അനുമതികൾ നിരസിക്കാൻ നിയമപ്രകാരം പഞ്ചായത്തിന് കഴിയാത്തതാണ് എന്ന് പഞ്ചായത്ത് സെക്രട്ടറി ഭരണസമിതിയെ അഭിപ്രായം അറിയിക്കുകയുണ്ടായി. തുടർന്ന് ടി തീരുമാനം പുന:പരിശോധിക്കണമെന്ന് പ്രസിഡൻറിനോട് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടതനുസരിച്ച് 10/10/2022ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ടയിൽ വിഷയം ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും, എന്നാൽ ടി അപേക്ഷ പ്രകാരം അനുമതികൾ നൽകേണ്ടതില്ല എന്ന 24/9/22ലെ 14(1) ലെ തിരുമാനത്തിൽ ഉറച്ച് നിൽക്കുന്നതിന് ഐക്യകണ്ഠേന പഞ്ചായത്ത് തീരുമാനിക്കുകയുമാണുണ്ടായിട്ടുള്ളതെന്നും അറിയിച്ചുകൊണ്ട്, സെക്രട്ടറി പരാമർശം (2) പ്രകാരം ടി തീരുമാനം 1999ലെ കേരളപഞ്ചായത്ത് രാജ്(പഞ്ചായത്ത് യോഗ നടപടിക്രമം) ചട്ടങ്ങളിലെ വകുപ്പ് 29 പ്രകാരമുള്ള വിയോജനക്കുറിപ്പ് സഹിതം സർക്കാരിന് റഫർ ചെയ്തിരുന്നു.

3. 10/10/2022 ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ 4(1) അജണ്ട പ്രകാരം മേൽ പറഞ്ഞ തീരുമാനം പുന:പരിശോധിക്കുന്നതിന് സെക്രട്ടറി 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടി ക്രമം) ചട്ടങ്ങൾ - ചട്ടം 4(1) പ്രകാരം ആവശ്യപ്പെട്ടെങ്കിലും 24/9/2022 ലെ 14(1) യോഗതീരുമാനത്തിൽ ഉറച്ചുനിൽക്കുകയാണ് പഞ്ചായത്ത് ചെയ്തത് എന്നും, 2019 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 233-ാം വകുപ്പിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ആവശ്യമായ വിവിധ വകുപ്പുകളുടെ നിരാക്ഷേപ പത്രങ്ങൾ ഉൾപ്പെടെ സമർപ്പിച്ച മെഷീനറി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുവാൻ പഞ്ചായത്തിന് അധികാരമില്ലെന്ന് കാണുന്നുവെന്നും ആയതിനാൽ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 24/9/2022 തീയതിയിലെ 14(1)-ാം നമ്പർ തീരുമാനം നിയമാനുസൃതമല്ലാത്ത പ്രമേയമായി പരിഗണിയ്ക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം, എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ ഇലഞ്ഞി

ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ഇലഞ്ഞി വില്ലേജ് സർവ്വേ നമ്പർ 8/7- ബി, 8/7-ബി2, 8/8-2-2 എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് ടാർ മിക്സിംഗ് പ്ലാൻറ് സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് ഭരണസമിതി പരാമർശം (1) പ്രകാരം കൈക്കൊണ്ട തീരുമാനം പ്രഥമദൃഷ്ട്യാ നിയമാനുസൃതമല്ലെന്ന് കാണുന്നു. ആയതിനാൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (നിയമാനുസൃതമല്ലാത്ത പ്രമേയത്തിൻമേൽ സ്വീകരിക്കേണ്ട നടപടി ക്രമം) 191(4) വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24/9/2022 തീയതിയിലെ 14(1)-ാം നം.ഭരണസമിതി തീരുമാനം സ്റ്റേ ചെയ്തിരിക്കുന്നു. പ്രസ്തുത വിഷയം കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191(3) പ്രകാരമുള്ള നടപടിയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZYMOL E
DEPUTY SECRETARY

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം ( പരാമർശ പ്രമാണങ്ങൾ സഹിതം. )
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
3. പ്രസിഡന്റ്, ഇലഞ്ഞി ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല
4. സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ( ആഡിറ്റ്)
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം( ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Suja S K**
**Date: 08-12-2022 16:55:58**